# CBSE എന്ത്? എന്തിന്?

## 1. എന്തിന് ദുഷ്പ്രചരണങ്ങൾ?

കഴിഞ്ഞ കുറേ നാളായി പൊതുവിദ്യാഭ്യാസ പ്രവർത്തകർ എന്ന് ഊറ്റം കൊള്ളുന്ന ചിലരും അവരുടെ ദല്ലാളന്മാരും CBSE സ്കൂളുകൾക്ക് എതിരായി നേരിലും വാട്സ് ആപ്പിലും ചില ദു:ഷ്പ്രചരണങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചിലർ വളരെ ആവേശത്തോടെ അത് ഫോർവേഡും ചെയ്യുന്നു. ഇവരുടെ വർത്തമാനം കേട്ടാൽ തോന്നും CBSE ഏതോ സ്വകാര്യ ചിട്ടിക്കമ്പനി ആണെന്ന്. മനസ്സിലാക്കുക CBSE എന്ന Central Board of Secondary Education കേന്ദ്രമാനവ വിഭവശേഷി വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയം ഭരണ സ്ഥാപനമാണ്. അതുകൊണ്ട്തന്നെ രാഷ്ട്രീയ ഇടപെടൽ വളരെ കുറവുള്ള ഒരു Board കൂടിയാണിത്. CBSE യെ ലോക രാഷ്ട്രങ്ങൾ അംഗീകരിച്ചിട്ടുള്ളതും മുപ്പതിൽ പരം രാഷ്ട്രങ്ങളിൽ സ്കൂൾ നടത്തുന്നതുമായ നിലവാരമുള്ള ഒരു പ്രസ്ഥാനം കൂടിയാണിത്.

## 2. ദേശീയ അന്തർദേശീയ നിലവാരമുള്ള ബോർഡ്

ഇന്ത്യയിലെ ദേശീയ തലത്തിലുള്ള മെഡിക്കൽ, എൻജിനീയറിങ് തുടങ്ങിയ മത്സര പരീക്ഷകൾ നടത്തുന്നത് CBSE ആണ്. UGC-NET, JEE, AIPMT തുടങ്ങിയവ രാജ്യത്തെ ഏറ്റവും കാര്യക്ഷമമായും വ്യവസ്ഥാപിതമായും പ്രവർത്തിക്കുന്ന വിദ്യാഭ്യാസ ഏജൻസിയാണ് CBSE എന്നതാണ് ഇതിനു കാരണം. മാത്രവുമല്ല രാജ്യത്തെ വിദ്യാഭ്യാസ നയരൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിക്കുന്ന അംഗീകൃത പരീക്ഷാ ബോർഡുകളുടെ സംഘടനയായ COBSE (Confederation of Boards of Secondary Education) യുടെ നേതൃത്വവും വഹിക്കുന്നത് CBSE യാണ്. CBSE യുടെ Chairmanതന്നെയായിരിക്കും COBSE യുടെ Chairman ഉം.

ലോകോത്തര നിലവാരമുള്ള ഡൂൺ സ്കൂൾ, മായോ കോളേജ്, സിന്ധിയാ പബ്ലിക് സ്കൂൾ, ഡൽഹി പബ്ലിക് സ്കൂൾ, ബിർലാ പബ്ലിക് സ്കൂൾ, വിപ്രോ സ്കൂൾ, കേന്ദ്ര മാനവ ശേഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയ,ജവഹർ നവോദയ വിദ്യാലയ, തുടങ്ങിയവ പ്രവർത്തിക്കുന്നത് CBSE യുടെ കീഴിലാണ്.

## 3. നിലവാരത്തെ സംബന്ധിച്ച് ഒരു അവലോകനം

ചില തല്പര കക്ഷികൾ നടത്തുന്ന പ്രചാരണം പൊതുജനങ്ങളുടെ ഇടയിൽ നിലവാരത്തെ സംബന്ധിച്ച് സംശയങ്ങൾ ഉടലെടുത്തിട്ടുണ്ടാകാം. എന്നാൽ ആർക്കും സംശയം വേണ്ട- രാജ്യത്തെ ഏറ്റവും മികച്ച നിലവാരമുള്ള ബോർഡ് അന്തർദേശീയ തലത്തിൽ അംഗീകരിച്ചിട്ടുള്ള CBSE തന്നെയാണ്.

ചില മത്സരപ്പരീക്ഷകളുടെ കണക്കുകൾ താഴെ ചേർക്കുന്നു:-

**(a)** കഴിഞ്ഞ വർഷത്തെ IITക്ക് അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ കണക്കെടുത്താൽ CBSE കുട്ടികൾക്കാണ് ഏറ്റവും കൂടുതൽ അഡ്മിഷൻ ലഭിച്ചിരിക്കുന്നത്. അതായത് 55.8% . എന്നാൽ കേരള Board ന്റെ സ്ഥാനം 0.42% (15th Position)

**(b)** ഈ വർഷത്തെ Entrance Exam ന്റെ ഫലം വന്നപ്പോഴും സ്ഥിതി മറിച്ചല്ല.

**(c)** കേരളത്തിലെ Medical/Engineerieng Entrance Exam ൽ എക്കാലത്തും ആദ്യ 1000 റാങ്കിൽ ഏറ്റവും കൂടുതൽ റാങ്കുകൾ കരസ്ഥമാക്കുന്നത് CBSEവിദ്യാർത്ഥികളാണ്. (എന്നാൽ മൊത്തം പരീക്ഷ എഴുതുന്ന State Syllabus വിദ്യാർത്ഥികളുടെ 1/10 പേരാണ് CBSE ൽ നിന്നും ഈ പരീക്ഷകൾ എഴുതുന്നത് എന്നു കൂടി മനസ്സിലാക്കുക.)

**എൻജിനീയറിങ്ങ് എൻട്രൻസ് പരീക്ഷാ ഫലം**

| | | |
|---|---|---|
| മൊത്തം പരീക്ഷാർത്ഥികൾ | - | 102649 |
| കേരള സിലബസ് | - | 80,000 |
| CBSE സിലബസ്സ് | - | 19,000 |
| മറ്റ് സിലബസ്സുകാർ | - | 3,649 |

**ആദ്യ 1000 റാങ്കുകൾ**

| | | |
|---|---|---|
| CBSE | - | 550 |
| കേരള | - | 383 |

**+2 കേരള സിലബസ്സ് കൊട്ടിഘോഷിക്കുന്ന എല്ലാ വിഷയത്തിനും A+ ഉം എല്ലാ വിഷയത്തിനും ഫുൾ മാർക്കും കിട്ടിയവർ**

ഏകദേശം 8000 പരീക്ഷാർത്ഥികൾ എല്ലാ വിഷയത്തിനും A+

ഏകദേശം 100 പരീക്ഷാർത്ഥികൾ എല്ലാ വിഷയത്തിനും ഫുൾമാർക്ക്

****ഈ പരീക്ഷാർത്ഥികളിൽ 95% പേർക്കും എൻട്രൻസ് പരീക്ഷയിൽ ഉയർന്ന റാങ്കുകൾ നേടാനായില്ല.**

****കേരളാ സിലബസ്സിൽ +2 ലവലിൽ ഉന്നത ഗ്രേഡ് കരസ്ഥമാക്കിയെങ്കിലും എൻട്രൻസ് പരീക്ഷയിൽ മോശം നിലവാരം പുലർത്തിയവർ നിരവധി.**

****80% CBSE ക്കാർക്ക് റാങ്ക് ലിസ്റ്റിൽ കയറുവാൻ സാധിച്ചു എന്നത് CBSE അഭിമാനിക്കാവുന്ന കാര്യമാണ്.**

**RESULTS OF THE MEDICAL ENTRANCE EXAMINATION KERALA - 2016**
**(Published by the Commissioner for Entrance Exam)**

| S l No | Qualifying Examination | Total Number of candidates appeared | Total Number of candidates in the Rank List | Number of candidates figured in the first 1000 ranks | Could not get Rank |
|---|---|---|---|---|---|
| 1 | HSE- Kerala | 89763 | 79763 | 484 | 10000 |
| 2 | VHSE - Kerala | 2588 | 1603 | 1 | |
| 3 | HSE/VHSE (Outside Kerala) | 671 | 605 | 4 | |
| 4 | AISSCE (CBSE) | 21404 | 20895 | 488 | 509 |
| 5 | (ISCE (CISCE) | 1240 | 1206 | 22 | |
| 6 | Others | 811 | 715 | 1 | |
| | Total | 116477 | 104787 | 1000 | |

**ENGINEERING ENTRANCE EXAM - 2016**
**(Published by the Commissioner of Entrance Exam)**

| S l No | Qualifying Examination | Total Number of candidates appeared | Total Number of candidates in the Rank List | Number of candidates figured in the first 1000 ranks |
|---|---|---|---|---|
| 1 | HSE- Kerala | Approx 80,000 | 40460 | 383 |
| 2 | VHSE - Kerala | | 372 | .... |
| 3 | HSE/VHSE (Outside Kerala) | | 270 | 3 |
| 4 | AISSCE (CBSE) | Approx 19,000 | 13454 | 550 |
| 5 | (ISCE (CISCE) | | 1019 | 54 |
| 6 | Others | | 339 | 10 |
| | **Total** | **102649** | **55914** | **1000** |

**(d)** രാജ്യത്തെ എല്ലാ സുപ്രധാന മത്സരപ്പരീക്ഷകളിലും ഇതു തന്നെയാണ് സ്ഥിതി. ഈ വർഷത്തെ Civil Services പരീക്ഷയിൽ സംസ്ഥാനത്ത് ഒന്നാം റാങ്ക് വാങ്ങിയത് 12-ാം ക്ലാസ്സ് വരെ CBSE സ്കൂളിൽ പഠിച്ച വിദ്യാർത്ഥിയാണ്. CBSE വിദ്യാർത്ഥികൾ എല്ലാ മേഖലയിലും മികവ് തെളിയിക്കുന്നു.

**(e)** മത്സര പരീക്ഷകളിൽ മികവ് നേടുന്ന രീതിയിലാണ് CBSE പാഠ്യപദ്ധതിയും മൂല്യനിർണയവും ക്രമീകരിച്ചിരിക്കുന്നത്. അങ്ങനെ പഠിച്ച് വരുന്ന CBSE വിദ്യാർത്ഥികൾക്ക് ഇത്തരം പരീക്ഷകൾ എളുപ്പമാവുന്നത് സ്വാഭാവികം.

**(f)** സ്റ്റേറ്റ് സിലബസ്സിൽ വൻ വിജയങ്ങൾ ആഘോഷിച്ച് പുറത്തുവിടുന്ന മുഴുവൻ വിഷയ A+ കാർക്ക് എത്ര പേർക്ക് നന്നായി എഴുതാനും വായിക്കാനും അറിയാം? അഞ്ചാം ക്ലാസ്സുകാരന് രണ്ടാംക്ലാസ്സിലെ കണക്ക് അറിയില്ല എന്നത് കേരള സർക്കാറിന്റെ തന്നെ പഠനം സൂചിപ്പിക്കുന്നു.

**4. സാമൂഹിക പ്രതിബദ്ധത**

ഒരു വലിയ ആരോപണം തന്നെ "CBSE കുട്ടികൾക്ക് എതിരായി ചിലർ പ്രചരിപ്പിക്കുന്നു. അതായത് CBSE കുട്ടികൾക്ക് സമൂഹത്തോട് ഒരു കടപ്പാടുമില്ല" പോലും. "അവർക്ക് സ്വയം ജീവിക്കാനും അറിയില്ല". എന്നൊക്കെപ്പറയുന്ന ആരോപണക്കാർ മനസ്സിലാക്കുക.

"കേരള വിദ്യാഭ്യാസ വകുപ്പും ഡയറ്റുകളും കൂടി നടത്തിയ പഠനം പറയുന്നത് കേന്ദ്ര സിലബസ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് സംസ്ഥാന സിലബസ്സിൽ പഠിക്കുന്ന കുട്ടികളേക്കാൾ സാമൂഹ്യ വിഷയങ്ങളിൽ പ്രതികരണശേഷിയും പ്രതിബദ്ധതയും കൂടുതൽ" എന്നാണ്.

ഇതു സംഭവിക്കുവാൻ കാരണം ഒന്ന്, CBSE പിന്തുടരുന്ന പാഠ്യ-പദ്ധതിയും Life Skill, Value Education പഠനവും, മറ്റൊന്ന് അദ്ധ്യാപകർക്ക് "പ്രൊട്ടക്ഷൻ"എന്ന ഓമനപ്പേരിൽ കിട്ടുന്ന ആനുകൂല്യങ്ങളോ അനാവശ്യമായ സംഘടനാ പ്രവർത്തനങ്ങളോ ഇല്ലാത്തതിനാൽ നേരാം വണ്ണം കുട്ടികൾക്കുവേണ്ടി "നല്ല പണി" എടുക്കും. ഇത് സ്കൂളിന്റേയും അദ്ധ്യാപകരുടേയും നിലനില്പിന്റെ കാര്യം കൂടിയാണെന്ന് CBSE സ്കൂളുകൾക്കും അവരുടെ അദ്ധ്യാപകർക്കും നന്നായി അറിയാം.

സമരം ചെയ്ത് ആനുകൂല്യങ്ങൾ വാങ്ങുന്ന സ്റ്റേറ്റ് അദ്ധ്യാപകർ തങ്ങളുടെ വിദ്യാർത്ഥികൾക്കു വേണ്ടി ഒരു സമരവും ചെയ്തതായി നാം കേട്ടിട്ടില്ല. സ്വന്തം തൊഴിലിനോട് നീതികാട്ടാതെ CBSE സ്കൂളുകളെ കുറ്റം പറഞ്ഞു നടന്ന് സ്റ്റേറ്റ് സ്കൂളുകളിലേക്ക് കുട്ടികളെ പിടിക്കാൻ നാട് നീളെ അലഞ്ഞാൽ പൊതു വിദ്യാഭ്യാസ മേഖല രക്ഷപ്പെടില്ലെന്ന് മനസ്സിലാക്കുന്നത് നന്ന്.

### 5. CBSE സ്കൂൾ ഫീസ്

CBSE സ്കൂളുകൾ ഫീസ് വാങ്ങുന്നതും ഇവർ കുറ്റമായി കാണുന്നു. ഇല്ലാത്ത പണമുണ്ടാക്കി കോടിക്കണക്കിനു രൂപ മുതൽ മുടക്കി സ്ഥാപനം നടത്താൻ ഒരു രൂപ പോലുമോ അല്ലെങ്കിൽ ഗ്രാന്റോ സർക്കാർ തരില്ലെന്ന് മാത്രമല്ല, നികുതിയും വൈദ്യുതി താരിഫുമെല്ലാം കച്ചവടസ്ഥാപനങ്ങളിലേതിനു തുല്ല്യമാണുതാനും. അദ്ധ്യാപകർക്കും മറ്റ് ജീവനക്കാർക്കും സർക്കാർ മാനദണ്ഡത്തിൽ ശമ്പളവും ആനുകൂല്യങ്ങളും കൊടുക്കുവാൻ ഹൈക്കോടതിയും CBSE നിഷ്കർഷിക്കുന്നുമുണ്ട്. കൂടാതെ PF, ESI, Professional tax തുടങ്ങിയവയും.

സർക്കാർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നല്കി വരുന്ന Aided School കൾ മാനേജമെന്റ് ക്വോട്ടയിലേക്ക് വൻ തുക കോഴ വാങ്ങിയാലും പൊതു വിദ്യാഭ്യാസ സംരക്ഷകർ എന്നവകാശപ്പെടുന്നവർക്ക് യാതൊരു മിണ്ടാട്ടവും ഉണ്ടാകാറില്ല. അദ്ധ്യാപക നിയമനത്തിന് കോടികൾ കോഴ വാങ്ങുമ്പോഴും ഒരു സങ്കടവും ഇത്തരക്കാർക്ക് ഉണ്ടാകാറില്ല. CBSE സ്കൂളുകളിൽ അത്തരം കോഴ വാങ്ങാത്തു കൊണ്ടു തന്നെ പഠനം നടക്കുന്നു.

### 6. Text Books

Text Book ളെപ്പറ്റിയും ഇവർ ദുഷ്പ്രചാരണം നടത്തുന്നു. CBSE സ്കൂളുകളിൽ NCERT കരിക്കുലമാണ് ഒന്നാം ക്ലാസ്സുമുതൽ പിന്തുടരുന്നത് എന്നു മനസ്സിലാക്കുക. എന്നാൽ സർക്കാർ പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങൾ പലതും യഥാസമയം കിട്ടാതെ വരുന്നതിനാൽ എല്ലാ സ്കൂളുകൾക്കും എട്ടാം ക്ലാസ്സ് വരെ CBSE അനുവദിച്ച Academic Freedom ഉപയോഗപ്പെടുത്തി അന്തർദേശീയ പുസ്തകപ്രസാധകരുടെ നിലവാരമുള്ള പുസ്തകങ്ങളും ഉപയോഗിച്ചു വരുന്നു. എല്ലാ സ്കൂളുകളുടേയും Academic Council അവരവരുടെ നിലവാരം ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

IX, X ക്ലാസ്സുകളിലെ പാഠ്യപദ്ധിയും മൂല്യ നിർണ്ണയവും CBSE നേരിട്ട് നടത്തുന്നു. ഇവിടെ CBSE യും NCERT യും പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളാണ് പൂർണ്ണമായും ഉപയോഗിക്കുന്നത്.

### 7. CBSE കുട്ടികളുടെ 11,12 ക്ലാസ്സുകളിലെ മികവ്

CBSE യിൽ നിന്ന് പത്ത് കഴിഞ്ഞ് സ്റ്റേറ്റ് സിലബസ്സിൽ ചേരുന്ന കുട്ടികൾ 11,12 ക്ലാസ്സുകളിൽ ആദ്യാവസാനം മുൻപന്തിയിലായിരിക്കും. പക്ഷേ ചിലർ പ്രചരിപ്പിക്കുന്നത് എന്തെന്നോ? CBSE കുട്ടികൾ +1 ൽ ആദ്യമൊക്കെ മുന്നോക്കവും പിന്നെ പിന്നോക്കവും. ശുദ്ധ അബദ്ധം. CBSE ക്കാർ എക്കാലവും

മുൻപന്തിയിൽ തന്നെ. കാരണം 9,10 ക്ലാസ്സുകളിൽ അവർ പഠിച്ച ഒട്ടുമിക്ക പാഠങ്ങളും തന്നെയാണ് സ്റ്റേറ്റിൽ പതിനൊന്നിലും പന്ത്രണ്ടിലും പഠിക്കുന്നത്. അല്ലെങ്കിൽ പിന്നെന്തിനാണ് CBSE കുട്ടികൾക്ക് Online അലോട്ടമെന്റിൽ അവസരം നൽകുന്നതിനെ പലരും എതിർക്കുന്നത്.?

**8. പാഠ്യ-പാഠ്യേതര വിഷയങ്ങളിലെ മികവ്**

CBSE കുട്ടികൾ Academic വിഷയങ്ങളിൽ മാത്രമല്ല മറിച്ച് പൊതുവിജ്ഞാനത്തിലും ജീവിത നൈപുണികളിലും മികവ് കാട്ടുന്നു.

CBSE യിൽ 7-ാം ക്ലാസ്സ് കഴിഞ്ഞ് 8 മുതൽ സ്റ്റേറ്റ് സിലബസ്സിലേക്ക് മാറുന്ന പ്രവണത വ്യാപകമാണ്. CBSE ൽ പഠിച്ച കുട്ടികൾക്ക് സ്വാഭാവികമായും സ്റ്റേറ്റ് സിലബസ്സ് കുറച്ച് കൂടി ലളിതമായി തോന്നാം. പത്താം ക്ലാസ്സിൽ കൊട്ടക്കണക്കിന് മാർക്ക് വാങ്ങാമെന്നതുമാകാം ഒരു കാരണം. പക്ഷേ, ഇങ്ങനെ CBSE യിൽ നിന്നു വന്ന കുട്ടികളുടെ പത്താം ക്ലാസിലെ റിസൽട്ട് വെച്ച് State Board ന്റെ നിലവാരം അളക്കരുത്. ഇതിന്റെ യഥാർത്ഥ പിതൃത്വം CBSE സ്കൂളുകൾക്കുതന്നെ!!

എല്ലാ രക്ഷിതാക്കളും മനസ്സിലാക്കേണ്ട ഒരു കാര്യം കൂടി, ഏത് ഉദ്ദേശത്തോടുകൂടിയാണോ തങ്ങളുടെ കുട്ടികളെ CBSE യിൽ തുടങ്ങി വച്ചത് - അത് യഥാർത്ഥത്തിൽ സഫലമാകണമെങ്കിൽ ഈ കുട്ടികൾ 9,10 ക്ലാസ്സുകളും Higher Secondary Class കളും CBSE യിൽ തന്നെ തുടരുന്നതാണ് അഭികാമ്യം. കാരണം 9,10,11,12 ക്ലാസ്സുകളിലെ പഠനമാണ് അവരെ മുന്നോട്ടുള്ള ജീവിതത്തിലേക്ക് നയിക്കുന്ന പ്രധാന guiding factors. സിവിൽ സർവ്വീസ് പരീക്ഷ ഉൾപ്പെടെയുള്ള രാജ്യത്തെ മുഴുവൻ മത്സരപ്പരീക്ഷകളുടേയും കോർ സിലബസ് CBSE 9-10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളാണ്. **ഇത് പഠിക്കാതെ 8 മുതൽ സ്റ്റേറ്റിൽ പഠിക്കുന്നവർക്ക് ഉദ്ദേശിച്ച നിലവാരം കിട്ടാതെ പോകുന്നു.**

**7. CBSE കുട്ടികളോടുള്ള വിവേചനം**

പ്ലസ് വൺ, എൻജിനീയറിങ്ങ് പ്രവേശനത്തിലെ മാർക്ക് ഏകീകരണത്തിൽ CBSE കുട്ടികളോട് കേരള സർക്കാർ വളരെ വിവേചനം കാണിക്കുന്നുണ്ട്. എത്ര വിവേചനം കാണിച്ചാലും മത്സരപരീക്ഷാഫലം വരുമ്പോൾ CBSE ക്കാർ തന്നെയാകും മുന്നിൽ. സംശയം വേണ്ട.

CBSEയിൽ പഠിച്ചാലും State സിലബസ്സിൽ പഠിച്ചാലും അവരെല്ലാം കേരളത്തിലെ കുട്ടികളാണ്. അവർക്കെല്ലാവർക്കും തുല്യ നീതി ഉറപ്പുവരുത്തേണ്ടത് സർക്കാറിന്റെ ഉത്തരവാദിത്തമാണ്. വിവേചനം കാണിച്ച് CBSE കുട്ടികളെ പീഡിപ്പിക്കാനല്ല ശ്രമിക്കേണ്ടത്.

CBSE സ്കൂളുകളിൽ നിലവാരം ഉറപ്പുവരുത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് രക്ഷിതാക്കൾക്ക് അതിനെപ്പറ്റി പൂർണ്ണമായ അവബോധവുമുണ്ട്. സർക്കാർ തന്നെ നടത്തിയ പഠനങ്ങൾ അത് വ്യക്തമാക്കുന്നുമുണ്ട്. ആ സ്ഥിതിക്ക് സ്റ്റേറ്റ് സിലബസ്സിന്റെ നിലവാരം മെച്ചപ്പെടുത്തുകയോ സ്റ്റേറ്റ് സ്കൂളുകളെ CBSE യിൽ അഫ്ലിയേറ്റ് ചെയ്യിക്കുകയോ അല്ലേ അഭികാമ്യം? (വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലും ഡൽഹിയിലുമുള്ള സർക്കാർ സ്കൂളുകൾ CBSE യുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതുകൂടി കേരള സർക്കാർ പരിഗണിക്കേണ്ടതാണ്. സർവ്വീസ് സംഘടനകളും അതിന് മുന്നോട്ടു വരണം.)

അങ്ങനെ ചെയ്യുന്നതിലൂടെ അതിന്റെ പ്രയോജനം കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ലഭിക്കുന്നു എന്നു കൂടി നമുക്ക് ഉറപ്പാക്കാം. അല്ലാതെ കേരളത്തിലെ നികുതി ദായകരായ ഒരു പറ്റം അച്ഛനമ്മമാരുടെ കുട്ടികൾക്ക് നീതി നിഷേധിക്കപ്പെടുന്നത് അംഗീകരിക്കാനാവില്ല.

പണക്കാരുടെ മക്കൾ മാത്രമല്ല CBSE സ്കൂളുകളിൽ പഠിക്കുന്നത്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ധാരാളം കുട്ടികൾ CBSE സ്കൂളുകളിൽ പഠിക്കുന്നുണ്ട്.

CBSEയിൽ കുട്ടികളെ ചേർക്കുന്ന രക്ഷിതാക്കൾ വളരെ ചിന്തിച്ചു തന്നെയാണ് കുട്ടികളെ ചേർക്കുന്നത്. കൊടുക്കുന്ന പണത്തിന് കിട്ടേണ്ട മൂല്യം തിരിച്ചു കിട്ടുന്നു എന്ന് ഉറപ്പുവരുത്താൻ ശരാശരി മലയാളിയെ ആരും പഠിപ്പിക്കേണ്ടതില്ല.

പൊതു വിദ്യാഭ്യാസമേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ധാരാളം കുട്ടികൾ CBSE സ്കൂളുകളിൽ പഠിക്കുന്നുണ്ടെന്നുള്ളതും ഒരു സത്യാവസ്ഥയാണ്.